**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3843** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി പ്രകാരം നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നാദാപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ; | (എ) | **ആർദ്രം പദ്ധതി പ്രകാരം നാദാപുരം നിയോജക മണ്ഡലത്തിൽ എൻ.എച്ച്.എം മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തികളും നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാദാപുരം നിയോജക മണ്ഡലത്തിലെ നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാദാപുരം താലൂക്ക് ആശുപത്രിയിൽ 22.09.2021ലെ സ.ഉ(കൈ)നം:168/2021/ ആ.കു.വ പ്രകാരം സ്റ്റാഫ് നഴ്സ് -2, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ആർദ്രം പദ്ധതി അനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ആർദ്രം പദ്ധതി അനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി സെന്ററുകളായല്ല ഉയർത്തപ്പെട്ടത്, മറിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളായാണ് ഉയർ ത്തപ്പെട്ടത്. ഇതിന്റെ ഭാഗമായി പ്രാഥമി കാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗീ സൗഹൃദ സേവനം നൽകുകയും അതിനായി അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ 170, സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 - 340, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-170 ഫാർമസിസ്റ്റ് - 150 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ -400, സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 -400, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-200 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ